(ബി) കാലഹരണപ്പെട്ട റിക്കാർഡുകളും ഭൂമി സംബന്ധമായ അവ്യക്തതകളും നിലനിൽക്കുന്ന സാഹചര്യത്തിൽ റവന്യൂ കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് എത്രമാത്രം വിശ്വസനീയതയും സാധ്യതയും ഉണ്ടെന്ന് വ്യക്തമാക്കാമോ?

(സി) ഇ-സർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും റവന്യൂ രേഖകളും സർട്ടിഫിക്കറ്റുകളും ലഭിക്കുന്ന വില്ലേജുകൾ ഏതൊക്കെയാണെന്ന് ജില്ലാതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇ-സർവ്വേ നടപടികൾ ഭാഗികമായി പൂർത്തിയാക്കിയിരുന്ന 54 വില്ലേജുകളുടെയും 9 ബ്ലോക്കുകളുടെയും ഇ-സർവ്വേ ജോലികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ 31-10-2012-ലെ ജി.ഒ.(എംഎസ്.)നമ്പർ 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് ഇ-സർവ്വേ പ്രവർത്തനങ്ങൾ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്തി അധികാരിക റിക്കോർഡുകളും മാപ്പുകളും മറ്റ് സർവ്വേ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്യും ഭൂമിയുടെ നാളത് കൈമാറ്റങ്ങൾക്കനുസരണമായി മാസ്റ്റർ റിക്കോർഡുകളിൽ മാറ്റം വരുത്തി നിലവിലുള്ള റിക്കോർഡുകൾ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്നു. ഇതുവഴി റവന്യൂ കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് വിശ്വസനീയതയും സാധ്യതയും ഉറപ്പാക്കാവുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

മിനി ഫോറസ്റ്റിലെ ചെയിൻമാൻമാരുടെ വേതനം

209 (1292) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഫോറസ്റ്റിലെ സർവ്വേയുമായി ബന്ധപ്പെട്ട ചെയിൻമാൻമാരുടെ വേതനം എങ്ങനെയാണ് വിതരണം ചെയ്യുന്നത് ;

(ബി) പ്രസ്തുത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അവ് എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിനി ഫോറസ്റ്റിലെ സർവ്വേയുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച സർവ്വേ ജോലി സംബന്ധിച്ച വർക്ക് ഡയറി, ഡയറി സ്കെച്ച്, ക്ലാസിഫിക്കേഷൻ സ്കെച്ച്, പ്രൊട്ടോസോൾ, പെരിഫെറി സ്കെച്ച് എന്നിവ പരിശോധിച്ച് ഫെൽഡ് സർവ്വേയർ,

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ സൂപ്രണ്ട് എന്നിവർ സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലും എസ്റ്റിമേറ്റ് ക്ലാസിഫിക്കേഷൻ എന്നിവ സംബന്ധിച്ച മേഖലാ ജോയിന്റ് ഡയറക്ടറുടെ മേൽ പരിശോധനയുടേയും അടിസ്ഥാനത്തിൽ വനംവകുപ്പ് കാര്യാലയത്തിൽ നടപടി പൂർത്തിയാക്കി ചെയിൻമാൻമാരുടെ വേതനം വിതരണം ചെയ്യുന്നു.

(ബി) പ്രസ്തുത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. മേൽ വിവരിച്ച ക്രമം നടപടി പൂർത്തിയായ കേസുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ലഭ്യതയ്ക്കനുസരിച്ചാണ് വേതനം വിതരണം ചെയ്യുന്നത്. ഈ വർഷം അലോട്ട്മെന്റ് ലഭിച്ച 5 ലക്ഷത്തിൽ നിന്നും എൽ.ഡി. ക്ലാർക്കിന്റെ 3 വർഷം ശമ്പളമുള്ള ചെയിൻമാൻ വേതനം പാസ്സാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർവ്വേയർമാരുടെ സ്ഥലം മാറ്റം

210 (1293) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിലെ സർവ്വേയർമാരുടെ സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഒരു ജില്ലയിൽ എത്ര വർഷം സേവനം പൂർത്തിയാക്കിയവരെയാണ് മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത കാലാവധി പൂർത്തിയാക്കിയ എത്ര പേർ ഇടുക്കി ജില്ലയിൽ നിന്നും സ്ഥലം മാറ്റത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് അപേക്ഷ നൽകിയിരുന്നു; അവരിൽ എത്ര പേർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്ഥലം മാറ്റ മാനദണ്ഡപ്രകാരമുള്ള കാലാവധി പൂർത്തിയാക്കാത്ത എത്ര പേർക്ക് ഇടുക്കി ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2012 വർഷത്തിൽ പൊതുസ്ഥലംമാറ്റത്തിനായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

---

* ശ്രീ ബ്രൂവറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly